കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911

വലിയ സ്വപ്നങ്ങളുടെ ഉറവിടം

ഡോക്ടർ എ.പി. മജീദ്ഖാൻ വിത്തുപാകിയ സ്വപ്നഭൂമിയിൽ നേട്ടങ്ങളുടെ കനകം വിളയിക്കുകയാണ് മകനും നിംസ് മെഡിസിറ്റി മാനേജിംഗ് ഡയറക്ടറും ആയ എം.എസ്. ഫൈസൽഖാൻ

◗കോവളം സതീഷ്കുമാർ

കൊവിഡ്19 പടർന്നുതുടങ്ങിയപ്പോൾ രോഗം സ്ഥിരീകരിക്കാൻ നമ്മൾ ആശ്രയിച്ചിരുന്നത് പൂനെയിലെ ഇൻസ്റ്റിറ്റ്യൂട്ടിനെയായിരുന്നു. പക്ഷേ, കൊവിഡ്19 ഉൾപ്പെടെ വൈറസ്രോഗങ്ങൾ പരിശോധിച്ച്കണ്ടെത്താനുള്ള സംവിധാനങ്ങൾ നെയ്യാറ്റിൻകരയിലെ നിംസ് മെഡിസിറ്റിയിലുണ്ടായിരുന്നു! സംസ്ഥാനത്തെ ആദ്യ ഹ്യൂമൻ ജെനറ്റിക് ആൻഡ് മോളിക്യുലാർ ബയോളജി ലാബ് 'നിംസി'ൽ സജ്ജമായിരുന്നു. എൻ.എ.ബി.എൽ അക്രഡിറ്റേഷൻ കിട്ടാത്തതുകാരണമാണ് ലാബിൽ പരിശോധന നടത്താൻ കഴിയാതെ പോയത്. ഇക്കാര്യം മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ ഒരിക്കൽ വാർത്താസമ്മേളനത്തിൽ സൂചിപ്പിക്കുകയും ചെയ്തു.

ജനിതക ഘടന, ഡി.എൻ.എ, ആർ.എൻ.എ സ്വീക്വൻസിംഗ്, വൈറസിന്റെ സാന്നിദ്ധ്യം, ഘടന എന്നിവയൊക്കെ കണ്ടെത്താൻ ശേഷിയുള്ള ലാബിൽ ഉപകരണങ്ങളെല്ലാം എത്തിച്ചത് അമേരിക്കയിൽ നിന്ന്. 2017 ൽ തുടങ്ങി, ആറു മാസം മുമ്പാണ് പൂർത്തിയാക്കിയത്.

ഇപ്പോൾ മുഖ്യമന്ത്രിയുടെ ഇടപെടലിന്റെ ഫലമായി ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ധർ ഉടൻ തന്നെ 'നിംസി'ൽ എത്തുമെന്ന് അറിയിപ്പു ലഭിച്ചതായി നിംസ് മെഡിസിറ്റി എം.ഡിയും തമിഴ്നാട് നൂറുൽ ഇസ്ലാം സർവകലാശാലാ പ്രോ- ചാൻസലറുമായ ഫൈസൽ ഖാൻ പറഞ്ഞു.

കേരളത്തിലെ ആദ്യത്തെ ഹ്യൂമൻ ജെനറ്റിക് ആന്റ് മോളിക്യുലാർ ബയോളജി ലാബ് സ്ഥിതിചെയ്യുന്നത് എവിടെ എന്നൊരു ചോദ്യം ഈയിടെ പി.എസ്.സിയുടെ ഒരു മത്സരപരീക്ഷയിലുണ്ടായിരുന്നു. ഓപ്ഷനുകളിൽ ശരിയുത്തരം തിരുവനന്തപുരം എന്നായിരുന്നു. കൃച്ചകൂടി ശരിയാക്കിയാൽ അത് നെയ്യാറ്റിൻകരയിലെ നിംസ് മെഡിസിറ്റി എന്നു പറയാം.

പ്രതിദിനം 200 പേരുടെ സാമ്പിളുകൾ പരിശോധിക്കാനാകും. നാലുമണിക്കൂറിനുള്ളിൽ ഫലം. ജനിതകഘടനയെക്കുറിച്ച് പഠിക്കാനും പാരമ്പര്യരോഗങ്ങളുടെ ജീനുകൾ എപ്പോഴാണ് ശരീരത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നതെന്ന് മുൻകൂട്ടി അറിയാനും അതനുസരിച്ച് ചികിത്സ ആരംഭിക്കാനും കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ മെച്ചം. ലാബുമായി ബന്ധപ്പെട്ട് കേരള അക്കാഡമി ഒഫ് സ്കിൽ എക്സലൻസിൽ ബയോടെക്നോളജി വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ ഒരു പദ്ധതി സമർപ്പിച്ചിരുന്നു. ഒരു വർഷത്തോളം അത് ഫയലിൽ വച്ചിട്ട് അവസാനം പറ്റില്ലെന്നു പറഞ്ഞു. അതുനടന്നിരുന്നെങ്കിൽ കൃഷ്ണേർക്ക് പരിശീലനം നൽകാൻ കഴിയുമായിരുന്നുവെന്ന് ഫൈസൽഖാൻ പറഞ്ഞു.

ഫൈസൽഖാൻ ഭാര്യയ്ക്കും മക്കൾക്കും ഒപ്പം

ഡോ.എ.പി.മജീദ്ഖാൻ

കമ്മ്യൂണിറ്റി കിച്ചൺ

നിംസ് മെഡിസിറ്റിയിലെ ജീവനക്കാർ, അവിടെ എത്തുന്ന ആട്ടോറിക്ഷാ ഡ്രൈവർമാർ, ഡയാലിസിസിന് എത്തുന്ന രോഗികൾ, ആംബുലൻസ് ഡ്രൈവർമാർ എന്നിവർക്കായി ഒരു കമ്മ്യൂണിറ്റി കിച്ചൺ ആരംഭിച്ചു. ദിവസം മുന്നൂറോളം പേർക്കുള്ള ഭക്ഷണം ഒരുക്കുന്നു. ഇതിന്റെ ചെലവിലേക്കായി എം.എസ്. ഫൈസൽഖാൻ തന്റെ ഒരു മാസത്തെ ശമ്പളം നൽകി. തുടർന്ന് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ അവരുടെ വിഹിതം എത്തിച്ചു. അത് പണമായി മാത്രമല്ല, അരിയായും പലവ്യഞ്ജനമായും ഒക്കെ. നിംസ് വളപ്പിലെ പച്ചക്കറിയും ചക്കയും വാഴത്തടയുമൊക്കെകൊണ്ടാണ് കറികൾ. കിച്ചണിന്റെ പ്രവർത്തനം മനസിലാക്കിനെയ്യാറ്റിൻകരയിലെ ബിഷപ്പ്ഹൗസ് കോഴിമുട്ടകൾ എത്തിച്ചു. ഇതിനിടെ നൂറുൽ ഇസ്ലാം സർവകലാശാലയിലെ വിദ്യാർത്ഥികൾ ഡ്രോൺ വഴി അണുവിമുക്തമാക്കൽ പരിപാടി വികസിപ്പിച്ചെടുത്തു. അത് തമിഴ്നാട് സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. വിദ്യാർത്ഥികളെ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രശംസിച്ചു.

ആ സ്നേഹ നിറവിൽ

തമിഴ്നാട് തക്കല സ്ഥിതി ചെയ്യുന്ന ഡീംഡ് യൂണിവേഴ്സിറ്റിയായ നൂറുൽ ഇസ്ലാം സർവകലാശാലയുടെ സ്ഥാപകനും ചാൻസിലറുമായ ഡോ. എ. പി. മജീദ്ഖാനാണ് ഫൈസൽഖാന്റെ പിതാവ്. 'രാവിലെ 9.30ന് അച്ഛൻ സർവകലാശാലയിലെത്തും. ഞാൻ നിംസ് മെഡിസിറ്റിയിലും. ഓണമാണെങ്കിൽ ഓണസദ്യ കഴിഞ്ഞയുടൻ യൂണിവേഴ്സിറ്റിയിൽപോകും. പെരുന്നാളാണെങ്കിൽ പെരുന്നാൾ നമസ്കാരം കഴിഞ്ഞയുടൻ. 20 വർഷത്തിനിടെ തുടർച്ചയായി ഇത്രയും നാൾ അച്ഛനൊപ്പം ആഹാരം കഴിക്കാൻ കഴിയുന്ന. ഉമ്മ സെയ്ഫുനിസയും വീട്ടിലുണ്ട്. അതിനെക്കാൾ സന്തോഷം വേറെയില്ല.

ഡോ. മജീദ്ഖാനാണ് സംസ്ഥാനത്തെ ആദ്യത്തെ ഐ.ടി (എൻ.ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അമരവിള) 1954 ൽ നെയ്യാറ്റിൻകരയിൽ ആരംഭിച്ചത്. കേരള സംസ്ഥാന രൂപീകരണ കാലത്ത് സർക്കാരിന്റെ ആവശ്യമനുസരിച്ച് ആധുനിക സർവേ രീതി ഉപയോഗിച്ച് മജീദ്ഖാൻ പഠിപ്പിച്ച മുന്നൂറോളം വിദ്യാർത്ഥികളാണ് സർവേ നടത്തിയത്. അവരാണ് ആദ്യത്തെ സർക്കാർ സർവേയർമാരായതും. ഐ.ടിയിൽ ആധുനിക കൃഷിയന്ത്രം വികസിപ്പിച്ചപ്പോൾ കാർഷിക സർവകാശാലയിൽ നിന്നും വിദ്യാർത്ഥികളെത്തി.

ലോക്ക് ഡൗണിലെ യന്ത്രക്കസേര

ലോക്ക് ഡൗൺ രാത്രികൾ എം. എസ്. ഫൈസൽഖാൻ സർഗസൃഷ്ടിയിലായിരിക്കും. ആദ്യത്തെ നോവൽ 'സ്വപ്ന വ്യാപാരം' എഴുതിയത് 2016 ലായിരുന്നു. ഇതിനകം നാലു പതിപ്പുകളായി. 2017ൽ ഭിന്നശേഷിക്കാരനായ രാഷ്ട്രീയക്കാരനെ കേന്ദ്ര കഥാപാത്രമാക്കി 'യന്ത്രക്കസേര' എന്ന നോവൽ എഴുതിത്തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. പക്ഷെ, ഇപ്പോൾ നോവൽ റെഡി. മാത്രമല്ല, മൂന്നാമത്തെ നോവൽ 'ഉറവിടം' എഴുതിത്തുടങ്ങുകയും ചെയ്തു.

ലോക്ക്ഡൗണിനു മുമ്പ് ഭാര്യ ഫാത്തിമ മിസാജ്, മക്കളായ സുഹറ ഖാൻ, സുഹൈബ് ഖാൻ എന്നിവർക്കൊപ്പം അവരുടെ നാടായ കാസർകോട്ട് എത്തിയതാണ്. ഇപ്പോൾ അവിടെ. സംസ്ഥാനത്ത് കൊവിഡ് ഏറ്റവും കൂടുതൽ ബാധിച്ച കാസർകോട് നിന്നും മകൾ ഇപ്പോൾ അനുഭവകഥ എഴുതുകയാണ്. 'മൈ ലോക്ക്ഡൗൺ ഡെയ്സ് ഇൻ കാസർകോട്' എന്നാണ് പേര്. മകനാകട്ടെ എല്ലാ ദിവസവും ഓരോ ഡ്രോയിംഗ് വരച്ച് വാട്സ് ആപ്പിൽ അയയ്ക്കും.

കേരളത്തിലും തമിഴ്നാട്ടിലുമായി സർവകലാശാല ഉൾപ്പെടെ 17 വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ആശുപത്രിക്കും സാരഥ്യം വഹിക്കുന്ന ഫൈസൽഖാൻ ഐക്യരാഷ്ട്ര സഭാ പൊതു അസംബ്ലിയിൽ സംസാരിച്ച ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യക്കാരനാണ്. അതിനുള്ള അംഗീകാരമായി ഹൈദരാബാദിലെ മൗലാന ആസാദ് കേന്ദ്ര സർവകലാശാലയുടെ ഭരണസമിതി അംഗമായി രാഷ്ട്രപതി ഫൈസൽഖാനെ നോമിനേറ്റ് ചെയ്തു.

എം.എസ്.ഫൈസൽഖാൻ

ISO 9001-2015 Certified Hospital
NIMS
A unit of N.I. EDUCATIONAL TRUST

വിളക്കുന്തറ എൻ. രാജൻ നിര്യാതനായി

കൊല്ലം: പ്രമുഖ കോൺട്രാക്ടറും വ്യാപാരിയും എസ്.എൻ.ഡി.പി യോഗം കൊല്ലം യൂണിയൻ കൗൺസിലറുമായിരുന്ന കൊല്ലം പള്ളിത്തോട്ടം കൗമുദി നഗർ, വിളക്കുന്തറ വീട്ടിൽ എൻ.രാജൻ (92) നിര്യാതനായി. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഇന്നലെ ഉച്ചയ്ക്ക് 2.45 ഓടെ കിളികൊല്ലൂരിലെ മകളുടെ വസതിയിലായിരുന്നു അന്ത്യം. കെ.എസ്.ഇ.ബിയിലെ ഉദ്യോഗം രാജിവച്ചാണ് കോൺട്രാക്ടറായത്. പിന്നീട് അരിമൊത്ത വ്യാപാരത്തിലേക്ക് തിരിഞ്ഞു. മൺറോത്തുരുത്തിലെപ്രസിദ്ധമായ വിളക്കുന്തറ കുടുംബാംഗമാണ്. വിളക്കുന്തറ എൻ. രാജൻ എന്ന പേരിലാണ്അറിയപ്പെട്ടിരുന്നത്. വിളക്കുന്തറയിൽ ഓയിൽമിൽസ്, ഹോട്ടൽ രാജ് ഇന്റർനാഷണൽ, കാരാളിമുക്ക്പോഷ്പലർ ടൈൽസ്എന്നിവയുടെസ്ഥാപകനാണ്.

എസ്.എൻ.ഡി.പിയോഗംകൊല്ലം യൂണിയൻ കമ്മിറ്റി അംഗം, പള്ളിത്തോട്ടം ശാഖാഭരവാഹി, എസ്.എൻ ട്രസ്റ്റ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. മൃതദേഹം ഇന്നലെ സന്ധ്യയോടെ പോളയത്തോട് ശ്മശാനത്തിൽ സംസ്കരിച്ചു. ഭാര്യ: പരേതയായ സുലോചന (റിട്ട. ഹെഡ്മിസിട്രസ്, ചെമ്മക്കാട് എച്ച്.എസ്). മക്കൾ: ലതരാംനാഥ്, ലീന സുനിൽ. മരുമക്കൾ: ഡോ. രാംനാഥൻ (സൈക്യാട്രി വിഭാഗം, മെഡിസിറ്റി, കൊല്ലം), പരേതനായ പന്തളം സുനിൽ. ചെറുമക്കൾ: വിഷ്ണു സുനിൽ പന്തളം (യൂത്ത്കോൺഗ്രസ് സംസ്ഥാന സെക്രട്ടറി), ഡോ. കാർത്തിക്, ഡോ. കാർത്തിക.

പനിക്ക് ചികിത്സ തേടി ആശുപത്രിയിലെത്തിയ അന്യസംസ്ഥാന തൊഴിലാളി തൂങ്ങിമരിച്ചു

ശാസ്താംകോട്ട: പനി ബാധിച്ച് ആശുപത്രിയിൽ ചികിത്സ തേടിയ അന്യസംസ്ഥാനതൊഴിലാളിയെ രക്ത പരിശോധനയ്ക്ക് നിർദേശിച്ചതിന് പിന്നാലെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. ഭരണിക്കാവ് പനപ്പെട്ടിതനിമഹോളോബ്രിക്സിലെ തൊഴിലാളി ഈസ്റ്റ് ബംഗാൾ സ്വദേശി ബോണോമാലി റോയിയെ (19) ശാസ്താംകോട്ട - ഭരണിക്കാവ് റോഡിലെ ഹോട്ടലിന് പിന്നിലെ മരത്തിലാണ് തൂങ്ങിയ നിലയിൽ ഇന്നലെ വൈകിട്ട് മൂന്നരയോടെ പരിസര വാസികൾ കണ്ടത്.

ബോണോ മാലി റോയി

താമസ സ്ഥലത്ത് നിന്ന് നാലു കിലോമീറ്ററിലേറെ നടന്ന് ബ്രിക്സിലെ മറ്റ് രണ്ട് തൊഴിലാളികൾക്കൊപ്പം ഇന്നലെ ഉച്ചയ്ക്കാണ് ബോണോ മാലി ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിലെത്തിയത്.

പ്രാഥമിക പരിശോധനയ്ക്ക് ശേഷം രക്തപരിശോധന നടത്താൻ ഡോക്ടർ നിർദേശിച്ചു. രക്തം കൊടുത്ത് പുറത്തേക്കിറങ്ങിയ ഉടൻ ബോണോ മാലിയെ കാണാതാവുകയായിരുന്നു. ഏറെനേരം തെരഞ്ഞിട്ടും കാണാതെ വന്നതോടെ സുഹൃത്തുക്കൾ താമസസ്ഥലത്തേക്ക് മടങ്ങി. . മരിച്ചത് ബോണോ മാലിയാണെന്ന് രാത്രി ഏഴരയോടെയാണ് തിരിച്ചറിഞ്ഞത്. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി കൊല്ലം ജില്ലാ ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

മദ്യലഹരിയിൽ തെങ്ങിൽ നിന്ന് വീണ് യുവാവിന് മരിച്ചു

പത്തനാപുരം: മദ്യലഹരിയിൽ കരിക്കടർത്താൻ കയറിയ യുവാവ് തെങ്ങിൽ നിന്ന് വീണ് മരിച്ചു. മാങ്കോട് തൊണ്ടിയാമൺ ചരുവിള വീട്ടിൽ പ്രദീപാണ്(40) മരിച്ചത്.

പൊലീസ് പറയുന്നത്: ഇയാളുൾപ്പെടെ നാലംഗസംഘത്തെ കഴിഞ്ഞ ദിവസം രാത്രി മുതൽ കാണാനില്ലായിരുന്നു. വ്യാജമദ്യം നിർമ്മിച്ച് കുടിച്ച ശേഷം സംഘം സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ പുളിന്തോട് ഭാഗത്തെത്തി. പിന്നീട് കൂട്ടത്തൽ മദ്യം കഴിക്കാനായി കരിക്കിടാൻ തെങ്ങിൽ കയറുന്നതിനിടെയായിരുന്നു അപകടം. ഭയപ്പെട്ട സംഘാംഗങ്ങൾ രക്ഷപ്പെട്ടു. ഇന്നലെ രാവിലെ നാട്ടുകാരാണ് പ്രദീപിനെ കണ്ടെത്തിയത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. ഇയാൾക്കൊപ്പമുണ്ടായിരുന്ന അനീഷിനെ പൊലീസ് കസ്റ്റഡിയിലെടുത്തു. പ്രദീപിന്റെ ഭാര്യ: രജിത. മക്കൾ: പ്രവീൺ, പ്രവിത.

പ്രദീപ്

യാക്കൂബിന്റെ ഓർമ്മകളുടെ നൊമ്പരത്തിൽ ഭാര്യയും മക്കളും

■ എല്ലാവരും വീട്ടിലിരിക്കണമെന്ന അഭ്യർത്ഥനയുമായി യാക്കൂബിന്റെ മക്കളും ഭാര്യയും

കൊച്ചി: 'എല്ലാവരും വീട്ടിലിരിക്കണം, സുരക്ഷിതരായിരിക്കണം. ഞങ്ങൾക്ക് ബാപ്പയെ നഷ്ടമാക്കിയത് കൊവിഡാണ്. ആ വേദന അനുഭവിക്കുന്നവരാണ് ഞങ്ങൾ. വീട്ടിൽ നിന്ന് പുറത്തിറങ്ങരുത്.' കൊവിഡ് ബാധിച്ച് ആദ്യമായി കേരളത്തിൽ മരിച്ച മട്ടാഞ്ചേരി ചുള്ളിക്കൽ സ്വദേശി യാക്കൂബ് ഹസൈൻ സേട്ടിന്റെ ഭാര്യയും രണ്ടു മക്കളും വീണ്ടും വീണ്ടും അഭ്യർത്ഥിക്കുന്നു.

മരിച്ച യാക്കൂബ് സേട്ട്

യാക്കൂബ് സേട്ടിന്റെ മൃതദേഹം നേരിൽ കാണാൻപോലും അവർക്ക് കഴിഞ്ഞില്ല. യാക്കൂബ് സേട്ടിൽനിന്ന് രോഗം പകർന്ന ഭാര്യ സറീന യാക്കൂബ് (53), മകൾ സഫിയ (32), മകൻ ഹസൈൻ (17) എന്നിവർ രോഗമുക്തി നേടി ശനിയാഴ്ചയാണ് എറണാകുളം മെഡിക്കൽ കോളേജ് ആശുപത്രി വിട്ടത്. ചുള്ളിക്കലെ ഫ്ലാറ്റിലേയ്ക്ക് മടങ്ങിയെത്തിയെങ്കിലും 14 ദിവസംകൂടി നിരീക്ഷണത്തിൽ കഴിയണം. ഫ്ലാറ്റിൽ മറ്റാരുമായും ബന്ധം പുലർത്താതെ കഴിയുകയാണ് മൂന്നുപേരും. ചുള്ളിക്കൽ മേഖലയെ കൊവിഡ് ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച് കർശനവിലക്ക് ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടവും ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിലെ ഏക ഹോട്ട്സ്പോട്ടാണ് ചുള്ളിക്കൽ.

യാക്കൂബ് സേട്ട് മാർച്ച് 28 ന് രാവിലെ എട്ടിനാണ് മെഡിക്കൽ കോളേജിൽ മരിച്ചത്. ദുബായിൽ ബിസിനസുകാരനായിരുന്നു. പനി ബാധിച്ചാണ് നാട്ടിലെത്തിയത്. വീട്ടിലെത്തി ഏതാനും ദിവസങ്ങൾ കഴിഞ്ഞാണ് ന്യൂമോണിയ ബാധിച്ചത്. പരിശോധനയിൽ കൊവിഡ് സ്ഥിരീകരിച്ചു. നിരീക്ഷണത്തിലാക്കി നടത്തിയ പരിശോധനയിലാണ് ഭാര്യയ്ക്കും മക്കൾക്കും രോഗം സ്ഥിരീകരിച്ചത്. യാക്കൂബിന്റെ മൃതദേഹം നേരിട്ടുകാണാൻ ഇവർക്ക് കഴിഞ്ഞില്ല. വീഡിയോയിലൂടെയാണ് ചികിത്സയിൽ കഴിഞ്ഞ ഭാര്യയെയും മക്കളെയും കാണിച്ചത്.

സാധാരണ നിലയിലെത്തും വരെ വീട്ടിൽത്തന്നെ കഴിയാനാണ് മൂന്നുപേരുടെയും തീരുമാനം. പിന്നീട് ദുബായിൽ യാക്കൂബ് സേട്ടിന്റെ ബിസിനസ് തുടർന്നു നടത്താനാണ് ആലോചന. മുംബയ് സ്വദേശിയായ സേട്ട് മട്ടാഞ്ചേരിയിൽ നിന്നാണ് വിവാഹം കഴിച്ചത്.

ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, ശുചീകരണ ജീവനക്കാർ, ജില്ലാ കളക്ടർ തുടങ്ങി എല്ലാവരും സഹായിച്ചതായി സറീനയും സഫിയയും പറഞ്ഞു. മുഴുവൻ ജീവനക്കാരും വലിയ സേവനവും ശ്രദ്ധയുമാണ് നൽകിയത്. വീട്ടിൽ കഴിയുന്നതുപോലെ തന്നെയായിരുന്നു ആശുപത്രി വാസമെന്ന് അവർ പറഞ്ഞു.

ഫാ. റെജി ലൂക്കോസ് നിര്യാതനായി

തിരുവനന്തപുരം: പാളയം സെന്റ്. ജോർജ് ഓർത്തഡോക്സ് സിറിയൻ കത്തീഡ്രൽ വികാരി ആയൂർ മീറായിക്കോട് താന്നിവിള മിസ്പയിൽ ഫാ.റെജിലൂക്കോസ്(55) നിര്യാതനായി. കരൾ രോഗം ബാധിച്ച് വെല്ലൂർ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മൃതദേഹം ഇന്ന് രാവിലെ ഒമ്പതിന് പാറ്റൂർ സെമിത്തേരി ചാപ്പലിൽ പൊതുദർശനത്തിന് വയ്ക്കും. സംസ്കാരം ഉച്ചയ്ക്ക് രണ്ടിന് സെന്റ്. ജോർജ് കത്തീഡ്രലിലെ ശുശ്രൂഷകൾക്ക് ശേഷം പാറ്റൂർ സെമിത്തേരിയിൽ. തിരുവനന്തപുരം ഭദ്രാസന കൗൺസിൽ അംഗവും ദിവ്യദൂത് കൺവീനറുമായിരുന്നു. ഭാര്യ: അന്നമ്മ ജോർജ് (അദ്ധ്യാപിക, ഹോളി ട്രിനിറ്റി സ്കൂൾ, ശ്രീകാര്യം), മക്കൾ: രേഷ്മ, റെയ്ച്ചൽ (ഇരുവരും വിദ്യാർത്ഥികൾ).

കേരളകൗമുദി

വീട്ടിലിരുന്ന് പരസ്യം നല്കാം

കേരളകൗമുദിയിൽ പേഴ്സണൽ പരസ്യങ്ങളായ വിവാഹം, വിവാഹവാർഷികം വിവാഹ അറിയിപ്പ്, ചരമം, ചരമവാർഷികം, ക്ലാസിഫൈഡ് പരസ്യങ്ങൾ തുടങ്ങിയ എല്ലാ പരസ്യങ്ങളും നൽകുന്നതിന് വിളിക്കുക

99 46 10 83 73

വിളിക്കേണ്ട സമയം 9.30 am മുതൽ 5.30 pm വരെ

വാട്സാപ്പ് മുഖേനയും പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്

പരസ്യത്തിന്റെ പേയ്മെന്റ് നടത്തുന്നതിന് മുകളിലുള്ള QR കോഡ് സ്കാൻ ചെയ്യാവുന്നതാണ്.

ഭാരത് QR/ യു.പി.ഐ. മുഖേനയുള്ള പേയ്മെന്റുകൾ സ്വീകരിക്കുന്നതാണ്.

PAYMENTS through bharat QR/ UPI Accepted here

ചെട്ടികുളങ്ങര കുംഭഭരണി അനന്യ സംസ്കാര സംരക്ഷണ പൈതൃക പട്ടികയിൽ

മാവേലിക്കര: ലോകപ്രശസ്തമായ ചെട്ടികുളങ്ങര കുംഭഭരണി കെട്ടുകാഴ്ച ഭാരത സർക്കാരിന്റെ അനന്യ സംസ്കാര സംരക്ഷണ പൈതൃക പട്ടികയിൽ ഇടം നേടി. ലോക പൈതൃക ദിനത്തിലാണ് ഈ അംഗീകാരം ലഭിച്ചതെന്ന പ്രത്യേകതയുമുണ്ട്.

2010ൽ യുനെസ്കോ ഏഷ്യാ പസഫിക് മേഖലയുടെ ചെയർമാൻ അറുമുഖം പരശുരാമൻ, കേന്ദ്ര സാംസ്കാരിക വകുപ്പ് സെക്രട്ടറി രൂപ ശ്രീനിവാസൻ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ചെട്ടികുളങ്ങരയിൽ എത്തിയിരുന്നു. ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷന്റെ അഭ്യർത്ഥന പ്രകാരം എത്തിയ സംഘം കുംഭഭരണി സമയത്ത് കെട്ടുകാഴ്ചകളുടെ നിർമ്മാണം, ഇതുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ, മറ്റ് ആചാരങ്ങൾ എന്നിവ മനസിലാക്കിയാണ് മടങ്ങിയത്. ഇവർ കേരള സർക്കാരിന്റെയും സാംസ്കാരിക വകുപ്പിന്റെയും സഹകരണത്തോടെ അനുബന്ധ രേഖകളും കെട്ടുകാഴ്ചയെ സംബന്ധിച്ച ചിത്രങ്ങളും വീഡിയോകളും 2011ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. 2012ൽ ഭാരത സർക്കാർ ഈ നോമിനേഷൻ യുനെസ്കോയ്ക്ക് സമർപ്പിച്ചു. തുടർന്ന് കഴിഞ്ഞ കുറെ വർഷങ്ങളായി യുനെസ്കോയുടെ ഔദ്യോഗിക പേജിൽ ചെട്ടികുളങ്ങര കെട്ടുകാഴ്ചസ്ഥാനം പിടിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് ഇപ്പോൾ അനന്യ സംസ്കാര സംരക്ഷണ പൈതൃക പട്ടികയിൽ ചെട്ടികുളങ്ങര കുംഭഭരണിയെ ഉൾപ്പെടുത്തിയത്.

2010ൽ യുനെസ്കോ പ്രതിനിധികൾ ചെട്ടികുളങ്ങരയിൽ സന്ദർശനം നടത്തുന്നു (ഫയൽ ചിത്രം)

പ്രാദേശിക കൂട്ടായ്മയ്ക്ക് ഇതാദ്യം

ആദ്യമായാണ് ഒരു പ്രാദേശിക കൂട്ടായ്മയ്ക്ക് ഈ അംഗീകാരം ലഭിക്കുന്നത്. ഓണാട്ടുകരയുടെയും ക്ഷേത്ര നഗരിയുടെയും വികസനത്തിന് ഉതകുന്ന പ്രോജക്ടുകൾ നൽകാൻ സാംസ്കാരിക മന്ത്രാലയം ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷനെ അറിയിച്ചിട്ടുണ്ട്. കെട്ടുകാഴ്ച നിർമ്മാണത്തിനുള്ള സഹായങ്ങൾ, ക്ഷേത്രനഗരിയുടെ സൗന്ദര്യവത്കരണം, കെട്ടുകാഴ്ച നിർമ്മിക്കുന്നവർക്കുള്ള സഹായം, വിനോദ സഞ്ചാര, അദ്ധ്യാത്മിക ടൂറിസം പദ്ധതികൾ, ആരോഗ്യ, വിദ്യാഭ്യാസ രംഗത്തുള്ള സഹായങ്ങൾ, കെട്ടുകാഴ്ചമ്യൂസിയം എന്നിങ്ങനെയുള്ള പദ്ധതികൾ നൽകാനാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്.



Vol. No. 110 Issue No. 109 R.No.3052/57 (R.No. KL/TV(N) 72/2018-20) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Editor : **Deepu Ravi** (Responsible for selection of news under the PRB Act) .